**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 552** **10-11-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. അബ്ദുൽ ഹമീദ് പി** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ സ്കൂൾ കെട്ടിടങ്ങൾ ബലക്ഷയം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഓരോ സ്കൂളിനും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് 10,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ സ്കൂൾ ഗ്രാന്റ് ഇനത്തിൽ കഴിഞ്ഞവർഷവും ഈ വർഷവും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിക്കുന്നതിനുള്ള മാർഗ്ഗ രേഖയും സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. ഇതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഈ വർഷത്തെ തുക അനുവദിച്ചതിന്റെ മാനദണ്ഡം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | സ്കൂൾ കെട്ടിടങ്ങളുടെ ക്ഷമതയും, ഭൗതിക സാഹചര്യങ്ങളുടെ പര്യാപ്തതയും വിലയിരുത്തി ആവശ്യമെങ്കിൽ അറ്റകുറ്റപ്പണികൾ നടത്തുവാനും, അല്ലെങ്കിൽ പകരം സംവിധാനം ഒരുക്കുവാനും വേണ്ട നിർദ്ദേശങ്ങൾ എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

2021-22 വർഷത്തെ കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റ് വിതരണത്തിന്റെ മാനദണ്ഡം

## സെക്കന്ററി സ്കൂളുകൾ

| ക്രമനമ്പർ | മാനദണ്ഡം | സെക്കന്ററി സ്കൂളുകളുടെ എണ്ണം | എം.ഒ.ഇ.അംഗീകരിച്ച യൂണിറ്റ് കോസ്റ്റ് (Rs.) | അംഗീകരിച്ച ആകെ തുക (Rs.) | ആദ്യഘട്ടത്തിൽ അനുവദിക്കേണ്ട യൂണിറ്റ് കോസ്റ്റ് (50%) (Rs.) | ആദ്യഘട്ടത്തിൽ അനുവദിക്കേണ്ട തുക (Rs.) |
|---|---|---|---|---|---|---|
| 1 | 1 മുതൽ 30 വരെ എണ്ണം കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ | 4 | 10,000 | 40,000 | 5,000 | 20,000 |
| 2 | 31 മുതൽ 100 വരെ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ | 57 | 25,000 | 14,25,000 | 12,500 | 7,12,500 |
| 3 | 101 മുതൽ 250 വരെ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ | 169 | 50,000 | 84,50,000 | 25,000 | 42,25,000 |
| 4 | 251 മുതൽ 1000 വരെ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ | 631 | 75,000 | 4,73,25,000 | 37,500 | 2,36,62,500 |
| 5 | 1000 നുമുകളിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ | 375 | 1,00,000 | 3,75,00,000 | 50,000 | 1,87,50,000 |
| ആകെ (സെക്കന്ററി) | | 1236 | | 9,47,40,000 | | 4,73,70,000 |

## എലിമെന്ററി സ്കൂളുകൾ

| ക്രമനമ്പർ | മാനദണ്ഡം | സെക്കന്ററി സ്കൂളുകളുടെ എണ്ണം | എം.ഒ.ഇ.അംഗീകരിച്ച യൂണിറ്റ് കോസ്റ്റ് (Rs.) | അംഗീകരിച്ച ആകെ തുക (Rs.) | ആദ്യഘട്ടത്തിൽ അനുവദിക്കേണ്ട യൂണിറ്റ് കോസ്റ്റ് (50%) (Rs.) | ആദ്യഘട്ടത്തിൽ അനുവദിക്കേണ്ട തുക (Rs.) |
|---|---|---|---|---|---|---|
| 1 | 1 മുതൽ 30 വരെ എണ്ണം കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ | 574 | 10,000 | 57,40,000 | 5,000 | 28,70,000 |
| 2 | 31 മുതൽ 100 വരെ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ | 1514 | 25,000 | 3,78,50,000 | 12,500 | 1,89,25,000 |
| 3 | 101 മുതൽ 250 വരെ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ | 860 | 50,000 | 4,30,00,,000 | 25,000 | 2,15,00,000 |
| 4 | 251 മുതൽ 1000 വരെ കുട്ടികൾ പഠിക്കുനന സ്കൂളുകൾ | 437 | 75,000 | 3,27,75,000 | 37,500 | 1,63,87,500 |
| 5 | 1000 നുമുകളിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ | 32 | 1,00,000 | 32,00,000 | 50,000 | 16,00,000 |
| ആകെ (എലിമെനന്ററി) | | 3417 | | 12,25,65,000 | | 6,12,82,500 |
| ആകെ തുക (എലിമെനന്ററി & സെക്കന്ററി) | | 4655 | | 21,73,05,000/ | | 10,86,52,500/- |